No. of Printed Pages : 6 **BMYLA-135**

# B.A GENERAL (BAG)
## Term-End Examination
## June, 2025

### BMYLA-135: MODERN INDIAN LANGUAGE - MALAYALAM

*Time : 3 Hours* *Maximum Marks: 100*

പ്രിൻ്റഡ് പേജുകളുടെ എണ്ണം: 6 **BMYLA-135**

# ബി.എ. ജനറല്.

## ടേം-അവസാന പരീക്ഷ

## ജൂണ് – 2025

### BMYLA-135: മോഡേണ് ഇന്ത്യന് ലാംഗ്വേജ്- മലയാളം.

*സമയം: 3 മണിക്കൂർ* *പരമാവധി മാർക്ക്: 100*

സൂചനകൾ:

1. എല്ലാ ചോദ്യങ്ങൾക്കും നിർദേശാനുസരണം ഉത്തരമെഴുതുക.
2. വ്യക്തതയും വാക്കുകളുടെ പരിധിയും പാലിക്കുക.





I. താഴെ ക്കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക: 10x2=20

1. ദ്രാവിഡ ഗോത്രത്തിൽപ്പെട്ട ഏതെല്ലാം ഭാഷകൾക്കാണ് ക്ലാസ്സിക്കൽ പദവി ലഭിച്ചിട്ടുള്ളത്?
2. നിരണം കവികൾ എന്നറിയപ്പെടുന്നത് ആരെല്ലാമാണ്?
3. മൂന്നുതരം തുള്ളലുകൾ ഏവ?
4. ദളിത് സാഹിത്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
5. എം.മുകുന്ദന്റെ 'നൃത്ത'ത്തിന്നോവൽ സാഹിത്യ ചരിത്രത്തിലുള്ള പ്രാധാന്യമെന്ത്?
6. മാധ്യമങ്ങൾ, ദ്രാവിഡ മാധ്യമങ്ങൾ എന്നീ വിഭാഗങ്ങളിൽപ്പെട്ട അക്ഷരങ്ങൾ ഏവ?
7. കൊതുകുവല, വരവ് ചെലവ് - വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക.
8. സ്രോതഭാഷ, ലക്ഷ്യഭാഷ ഇവ എന്താണ്?
9. മാധവിക്കുട്ടിയുടെ 'കോലാട്'എന്ന കഥയുടെ പ്രമേയമെന്ത്?

10. "ആ ഘോരാന്ധകാരത്തിൽ ഞാൻ ശപഥം ചെയ്തു"- വി.ടി. ഭട്ടതിരിപ്പാട് ചെയ്ത ആ ശപഥം എന്തായിരുന്നു?

II. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4x5=20

11. ഭാഷാ സംസ്കൃതയോഗോ മണിപ്രവാളം - വിശദീകരിക്കുക

12. പ്രാസവാദം എന്നാൽ എന്ത്?

13. മാർഗ്ഗം കളിയെക്കുറിച്ച് ലഘുവിവരണം നൽകുക.

14. ദ്രവ്യനാമത്തിന്റെ അവാന്തര വിഭാഗങ്ങൾ ഏവ? സോദാഹരണം വിവരിക്കുക.

15. ആശയ വിപുലനം ചെയ്യുക: ചൊട്ടയിലെ ശീലം ചുടല വരെ

16. 'മൊബൈൽ ഫോൺ' എന്ന കവിത പകർന്നു നൽകാൻ ശ്രമിക്കുന്ന സന്ദേശമെന്ത്?

17. നേവാരികളെക്കുറിച്ച് എസ്.കെ. പൊറ്റെക്കാട്ട് നൽകുന്ന വിവരങ്ങൾ എന്തെല്ലാമാണ്?





III. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4x8=32

18. മലയാള ഗദ്യത്തിന് മിഷനറിമാർ നൽകിയ സംഭാവനകൾ എന്തെല്ലാമാണ്?

19. റേഡിയോ നാടകങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാമാണ്? അവ വിജയിക്കണമെങ്കിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

20. കൂത്തും കൂടിയാട്ടവും - വിവരണക്കുറിപ്പ് തയ്യാറാക്കുക.

21. സന്ധി എന്നാൽ എന്ത്? എത്ര വിധം?

ഓരോന്നിനെക്കുറിച്ചും ലഘുവിവരണം നൽകുക.

22. ജി. ശങ്കരക്കുറുപ്പിന്റെ 'പഥികന്റെ പാട്ട്' എന്ന കവിതയുടെ രചനാ പശ്ചാത്തലവും ഉള്ളടക്കവും വിശദമാക്കുക.

23. 'ഒരു വടക്കൻ വീരഗാഥ' യിൽ ആരോമൽ ചേകവരുടെ അന്ത്യം എങ്ങനെയായിരുന്നു?

IV. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉപന്യാസം തയ്യാറാക്കുക. 2x10=20

24. മലയാള ഭാഷയുടെ ഉൽപ്പത്തിയുമായി ബന്ധപ്പെട്ട് കേരളപാണിനി അവതരിപ്പിച്ച സിദ്ധാന്തം വിശകലനം ചെയ്യുക.

25. മയ്യഴിയിലെ ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' എന്ന നോവലിൽ എത്രത്തോളം പ്രതിഫലിക്കുന്നുണ്ടെന്ന് കണ്ടെത്തുക.

26. കുരുക്ഷേത്ര യുദ്ധഭൂമിയിൽ ഗാന്ധാരി കണ്ട കാഴ്ച്ചകൾ എന്തെല്ലാമാണ്?

27. അവഗണിക്കപ്പെടുന്ന വാർധക്യം എന്ന സാമൂഹിക പ്രശ്നം 'തഹസിൽദാരുടെ അച്ഛൻ' എന്ന കഥയിൽ എങ്ങനെ ആവിഷ്ക്കരിച്ചിരിക്കുന്നുവെന്ന് വിശദമാക്കുക.





V. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക മലയാളത്തിലേക്ക് തർജ്ജമ ചെയ്യുക.

1x8=8

28. Culture is an essential component of society, providing a framework of beliefs, values and behaviors that influence the way people interact with one another. It shapes our worldviews and identities, and it reflects the collective experiences of the people who make up a particular community. However, while culture plays an important role in shaping individuals and society, it is ultimately people who shape culture. The statement culture does not make people, people make culture suggests that culture is not something that is predetermined or static, but rather something that is constantly evolving and shaped by the actions and the choices of individuals.

XXXXX